# ഇരുൾ

പന്തൽ പണി കഴിഞ്ഞിരിക്കുന്നു.

നീലച്ച ടാർപ്പോളിന് താഴെ വെള്ള വിരിച്ച്, വെള്ളയിൽ വേണ്ടിടത്തെല്ലാം പൂക്കളും പല വക ചിത്രങ്ങളും ചെയ്ത്, ചെത്തി മിനുക്കിയ തറയിൽ ചുവന്ന പരവതാനി വിരിച്ച്, വേണ്ടിടത്തൊക്കെ കസേരകൾ നിരത്തി, വേണ്ടിടത്തു മാത്രം കസേരകൾക്ക് മുന്നിൽ ടേബിളുകൾ നിരത്തി, കസേരകളേയും ടേബിളുകളേയും ഒരേ നിറത്തിലുള്ള വിരികളാൽ പുതപ്പിച്ച്, വ്യത്യസ്ഥ വീക്ഷണം കിട്ടും വിധത്തിൽ ചില കോണുകളിൽ ആഹാരം നിരത്താനുള്ള ടേബിളുകൾ തയ്യാറാക്കി, എവിടെ നിന്നും കാണും വിധം ഒരു മണ്ഡപവും ഒരുക്കി പന്തലിന്റെ പണി പൂർത്തിയായിരിക്കുന്നു. ഫാനുകൾ എല്ലാമൊന്നും കറങ്ങിതുടങ്ങിയിട്ടില്ല, അവിടവിടെ കറങ്ങുന്നതു കൊണ്ടു തന്നെ പന്തലിനുള്ളിൽ തണുപ്പ് കിട്ടുന്നുണ്ട്. അന്തരീക്ഷം ഈർപ്പമയമായതു കൊണ്ടാകാം, പിന്നെ ചൂടുകൂട്ടാനായിട്ട് ആളുകളെത്തി തുടങ്ങിയിട്ടുമില്ല. ജോലിക്കാരെ മാത്രമേ കാണാനുള്ളു. പന്തലിന്റെ പ്രവേശന വഴിയിലെത്തുമ്പോൾ സ്വാഗതമോതുന്നിടത്തു തന്നെ വ്യക്തതയോടെ കാണാൻവേണ്ടി റോയൽ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ വിലാസം വച്ചിട്ടുണ്ട്, ഫോൺ നമ്പറുകളുമായിട്ട്. പന്തൽ കണ്ട് അത്ഭുതപ്പെടുന്നവർ ആ വിലാസവും ഫോൺ നമ്പറും കുറിച്ചെടുക്കാതിരിക്കില്ല.

വെളുത്ത മുണ്ടും ഷർട്ടും ഇസ്തിരിയിട്ട് വടിപോലെ വേണ്ട, എന്നാൽ വൃത്തിയായിരിക്കണം. ഒരു ദിവസത്തെ വളർച്ചയുള്ള കുറ്റിത്താടിയായിരിക്കണം. മുടി ചീകിയൊതുക്കിയിരിക്കണം. വേണ്ടി വന്നാൽ പണി സമയത്ത് മാറ്റിയുടുക്കാൻ ഒരു കൈലി മുണ്ടും ഷർട്ടും തോർത്തും കരുതിയിരിക്കണം. ഇവന്റ് മാനേജ്മെന്റ് എല്ലാ കാര്യങ്ങളും എടുത്തു നടത്തുകയാണ്. പന്തൽ പണി മുതൽ സദ്യയും ഫോട്ടോ പിടിയും വധുവിനെ ഒരുക്കലും വരെ അവരുടെ നോട്ടത്തിൻ കീഴിലാവും. എന്നാൽ ഓരോ ജോലികൾ ഓരോ മാറി മാറിയുള്ള നോട്ടക്കാരുണ്ടാകും. അതിൽ ആരുടെ കീഴിൽ കയറിപ്പറ്റണമെന്ന് അവിടെയെത്തി സാഹചര്യവും സൗകര്യവും നോക്കി യുക്തിപൂർവ്വം ചെയ്യണം. അത് തനിക്കാവും അതിനുള്ള യുക്തിയും തന്ത്രവും അഭിരുചിയും തനിക്കുണ്ട്. അതു തന്നെ കണ്ടാലറിയാം.

കടിഞ്ഞാൺ പിടിക്കുന്ന ഡോക്ടറുടെ വാക്കുകളെ അപ്പാടെ സ്വീകരിച്ചാണ് ഇവിടെ എത്തിച്ചേർന്നത്. പക്ഷെ, പന്തലിന്റെ കമാനം കടന്ന് കാലു വച്ചപ്പോൾ ഒരു വിറ ചെറുവിരലിൽ നിന്നും അരിച്ചു കയറി ശിരസ്സിലെത്തി ആകാശത്തേക്ക് പോയി. അപ്പോൾ, ഉറഞ്ഞു തുള്ളുന്ന പെണ്ണിന്റെ കൈയിലിരിക്കുന്ന തെങ്ങിൻ പൂക്കുലയുടെ സ്ഥിതിയായിരുന്നു ദേഹത്തിന്. പരിചയമുള്ള ഒരു മുഖം പോലും കാണല്ലേ എന്നാണ് അദ്യമേ പ്രാർത്ഥിച്ചത്. ഇവിടെ അങ്ങിനെ പരിചയ മുഖങ്ങൾ കാണേണ്ട കാര്യമില്ല. പക്ഷെ, അപരിചിതത്വം ഏതു വിഭാഗത്തിന്റെ കൂടെ കൂട്ടുമെന്ന കാര്യത്തിൽ ബാധിക്കാം. പന്തൽ പണികഴിഞ്ഞ സ്ഥിതിക്ക് ഇനി കൂട്ടു കൂടേണ്ടവർ പാചകക്കാർ, വിളമ്പുകാർ, പാത്രം , ടേബിൾ വൃത്തിയാക്കുന്നവർ, പരിചാരകർ, പുകഴ്ത്തു പാട്ടുകാർ.... പക്ഷെ, അവരൊന്നും എത്തി കൊഴുപ്പായിട്ടില്ല.

പന്തൽ വിട്ട് അങ്കണവും ഗൃഹവും ഒറ്റപ്പെട്ടു നില്കുന്നതു പോലെയാണ്. അങ്കണവും ഗൃഹവും അലങ്കരിച്ചിട്ടുണ്ട്., അതിന് പ്രത്യേക വീക്ഷണമാണ്, ആരെയും മോഹിപ്പിക്കുന്ന വിധത്തിൽ. വീട്ടിലേക്ക് വിരുന്നുകാരെത്തുന്നുണ്ട്. അവരുടെ വാഹനങ്ങൾ പാർക്കു ചെയ്യാനുള്ളയിടം പന്തലിന്റെ എതിർ ദിശയിൽ മതിൽക്കെട്ടിനുള്ളിൽ തന്നെ മൈതാനമായി കിടക്കുന്നിടത്താണ്. പുല്ലു വെട്ടി നിരപ്പാക്കിയ സ്ഥലം തന്നെയാണ്.

“ങാ.... സനലു വന്നോ.... എന്തേ വൈകിയത്... ആ പൂക്കളെടുത്ത് അകത്തേക്ക് കൊടുത്തേക്ക്...”

നില്കക്കള്ളിയില്ലാതെ ചതുരംഗ പലകയുടെ പുറത്ത് പോകേണ്ടി വരുമെന്നു കരുതിയിരിക്കെ, അല്ലെങ്കിൽ കാലെത്താകയത്തിൽ വെള്ളം കുടിച്ച് തുഴഞ്ഞു കൊണ്ടിരിക്കെ,, അങ്ങിനെയൊരു ചോദ്യം കിട്ടിയപ്പോൾ അവന് സമാധാനമായി. പേരു മാറിയാലെന്താ അവിടെ തുടർന്ന് നില്ക്കാനുള്ളൊരു പഴുതു കിട്ടിയിരിക്കുകയല്ലെ.....

സനലെന്ന പേര് സ്വീകരിച്ചു കൊണ്ട് അവൻ അകത്ത് കൊടുക്കു വാനുള്ള പൂക്കളെ തിരഞ്ഞു. പൂക്കൾ അവനെ കാത്ത് പന്തലിന്റെ കമാനത്തിന് താഴെ, ചുവന്നതും മഞ്ഞയും പച്ചയും വർണ്ണ കടലാസുകളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്ന കമാന കാലിനെ തൊട്ട് കൊണ്ട് പനയോലക്കൂടയിൽ ഇരുപ്പുണ്ടായിരുന്നു. പൂക്കൂടയെടുത്തപ്പോഴാണ് കക്ഷത്തിലെ പണി വസ്ത്രങ്ങളുടെ കാര്യമോർത്തത്.

ആദ്യം വസ്ത്രം മാറിയാലോ എന്ന് ചിന്തിച്ചതാണ്, പക്ഷെ, വീടിന്റെ അകത്തേക്ക് പോകേണ്ടതുള്ളതു കൊണ്ട് വെളുത്ത ഷർട്ടും മുണ്ടുമാണ് കൂടുതൽ യോഗ്യമെന്ന് രണ്ടാമതു ചിന്തിച്ച് പൂക്കൂടയെടുത്ത് തോളിൽ വച്ച് തുണിക്കൂടിനെ കക്ഷത്തിൽ തന്നെ ഇരിക്കാൻ അനുവദിച്ച് അകത്തേക്ക് നടന്നു. കൊട്ടാര സദൃശമായ വീടിന്റെ പ്രധാന വാതിൽ കടന്നപ്പോൾ അവനു വീണ്ടും വിറയൽ തോന്നി. പക്ഷെ, മനക്കോണിൽ തെളിഞ്ഞു വന്ന ഡോക്ടറുടെ മുഖം വിറയലിനെ ഓടിച്ചകറ്റി, അകത്ത് കടക്കാനുള്ള ത്രാണി നൽകി.

സിറ്റൗട്ടിൽ, സിറ്റിംഗ് റൂമിൽ, ഡൈനിംഗ് ഹാളിലെല്ലാം വിരുന്നു കാർ നിറഞ്ഞിരിക്കുന്നു. അവരുടെയൊക്കെ സംസാരങ്ങൾ, വ്യത്യസ്തമായ ഈണത്തിൽ, ശൈലിയിൽ അവിടെയാകെ അലയൊലികൾ ഉതിർക്കുന്നു. സനലെന്ന വ്യാജ നാമക്കാരനായ അവൻ പൂക്കൂട എവിടെ വയ്ക്കും, ആരെ ഏൽപ്പിക്കുമെന്ന് പരതി നിൽക്കുമ്പോൾ,

“ങാ... ജെയിംസേ... നീ വന്നോ... പൂവ് ആ വടക്കേ മുറിയിലേക്ക് കൊടുത്തേക്ക്.....”

അവനെ ജെയിംസെന്ന് വീണ്ടും മറ്റൊരു വ്യാജ നാമത്തിൽ വിളിച്ച ആളിനെ കണ്ടപ്പോൾ വീണ്ടും ഒരു വിറയൽ അവനിൽ പടർന്നു കയറി പുറത്തേക്ക് പോയി. അയാളും അവനെ കണ്ടു.

“ഓ... ജെയിംസല്ലേ, എന്താ പേര്....?”

“സനൽ.”

മറുപടിക്കവൻ അവന്റെ ആദ്യ വ്യാജ നാമം ഉപയോഗിച്ചു. ആദ്യം വിളിച്ച ആൾക്ക് ഏതോ ഒരു സനലിന്റെ ഛായ തോന്നിയിരിക്കാം. ഇവിടെ പിടിച്ചു നിൽക്കാൻ ആ പേരാണ് കൂടുതൽ യോജ്യമെന്നു തോന്നി.

“സനലേ, ജെയിംസ് വന്നില്ലേ.....”

“ഇല്ല, വരും.”

“ങാ.... സനലിവിടെ കാണണം, എല്ലാമൊന്നു നോക്കി കൊള്ളണം.”

“ഓ....”

ആദ്യം സനലെന്നും പിന്നീട് ജെയിംസെന്നും വിളിക്കപ്പെട്ട അവന് ഇതേവരെ നടന്നതെല്ലാം നന്നായി ബോധിച്ചു. ഇനി ഇവിടെ പിടിച്ചു നിൽക്കാൻ ഒരു പണി മുണ്ടിന്റേയും ഒരു പണിഗ്രൂപ്പിന്റേയും ആവശ്യമില്ലെന്നവന് തോന്നി. ഒരു പടി കൂടി മുകളിലേക്ക് കയറി മേൽനോട്ടകാരനാകുകയും ചെയ്തിരിക്കുന്നു. അതിന് വെളുത്ത മുണ്ടും ഷർട്ടും തന്നെ കൂടുതൽ കാമ്യം. അവന് ആ അധികാരത്തെ കൊടുത്തിരിക്കുന്നത് ഈ വീടിനെ സംബന്ധിച്ച ഉന്നതാധികാരി തന്നെയാണ്. ഡോക്ടർ കാണിച്ച ഫോട്ടോയിൽ തേങ്ങായുടെ മുക്കണ്ണുപോലെ അടുക്കിയ മൂന്നു മുഖങ്ങളിൽ ഒന്ന്, ഒരേയൊരു പുരുഷൻ. അതിലെ രണ്ടു പെണ്ണുങ്ങളെ ഇനി കണ്ടെത്തണം. ഒന്ന് അയാളുടെ ഭാര്യയും, മുക്കണ്ണിൽ നടുക്കു കണ്ടത് അവരുടെ മകൾ ധന്യയുമാണ്. അയാൾ തോമസ്സും ഭാര്യ ഷേർളിയും.

പൂക്കൂട എത്തിക്കേണ്ടിയിരുന്ന വടക്കേ മുറിയുടെ വാതിൽക്കലെത്തും മുമ്പു തന്നെ ഷേർളിയെയും അവന് കാണാൻ കഴിഞ്ഞു. അവൻ അടഞ്ഞു കിടന്നിരുന്ന വടക്കേ മുറി വാതിൽ മുട്ടി കാത്തു നിന്നു. മുറി സാവധാനം അഞ്ചോ ആറോ ഇഞ്ച് തുറന്ന് പുറത്തേക്ക് ഒരു സ്ത്രീ തല നീട്ടി അവനെ കണ്ടു.

"കഴിഞ്ഞില്ല."

"വേണ്ട... പൂവു കൊണ്ടു വന്നതാണ്."

"ഓ...."

പൂക്കൂട ഉള്ളിലേക്കെടുക്കാൻ വേണ്ടി വാതിൽ മലർക്കെ തുറന്നപ്പോൾ, അകത്ത് കസേരയിൽ ഏതെല്ലാമോ നിറത്തിലുള്ള, എന്തെല്ലാമോ, മുഖത്തും കഴുത്തിലും കൈകളിലും പുരട്ടിയിരിക്കുന്ന, മുക്കണ്ണിൽ നടുക്ക കണ്ട ധന്യ, അവളേയും അവൻ കണ്ടു.

"ചേട്ടൻ ഇവിടെ കാണില്ലെ... എന്തെങ്കിലും വേണമെങ്കിൽ വിളിക്കാം."

"ഓ..."

അവന് ഉറപ്പായി, അവൻ ഈ വീട്ടിൽ, ഈ ആവശ്യത്തിന് വളരെ വേണ്ടപ്പെട്ടവനായി കഴിഞ്ഞിരിക്കുന്നു. ആ സ്വാതന്ത്ര്യത്തോടെ എവിടെ വേണമെങ്കിലും കയറിയിറങ്ങാം... ഒട്ടും പ്രതീക്ഷിക്കാത്ത രീതിയിലാണ് എല്ലാം ശരിയായി വന്നു കൊണ്ടിരിക്കുന്നത്. ഇനി അവന് പണി മുണ്ടിന്റെയും

ഷർട്ടിന്റെയും ആവശ്യമില്ല.  അതിനെ അടുത്തു കണ്ട സെറ്റിയുടെ അടിയിൽ തിരുകി വച്ചു.  അതു കണ്ട ഒരു അതിഥി  ചിരിച്ചു.  ആതിഥേയന്റെ അടുത്ത സഹകാരി കൊടുക്കേണ്ട പരിഗണനയിൽ അവൻ തിരിച്ചൊരു മന്ദഹാസം നൽകി, നന്ദി സൂചകമായിട്ട്. അയാൾക്ക് മാത്രമായിട്ടല്ല, അവിടെ കണ്ട എല്ലാവർക്കും വേണ്ടിയിട്ട്.  ശേഷം അവൻ ഉത്തരവാദിത്വമുള്ള മേൽ നോട്ടക്കാരന്റെ ഗമയെ സ്വീകരിച്ച് എല്ലായിടത്തും നോട്ടമെത്തിച്ച് തലങ്ങും വിലങ്ങും നടന്നു.

ആ വീട്ടിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാളെ നടക്കാൻ പോവുകയാണ്, തോമസ്സ് ഷെർളി ദമ്പതികളുടെ ഒരേയൊരു മകൾ ധന്യയുടെ മനസ്സമ്മതം.  അതിന്റെ തലേ രാത്രിയായ ഇന്ന് മധുരം വയ്പും അതിനോടനുബന്ധിച്ച ചടങ്ങുകളും അടുത്ത ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമുള്ള വിരുന്നിനുള്ള ഒരുക്കങ്ങളുമാണ് ഇപ്പോൾ നടക്കുന്നത്.

പന്തലിൽ, വീട്ടിൽ തിരക്കേറിക്കൊണ്ടിരിക്കുന്നു.  അവൻ മേൽ നോട്ടത്തിനിടയിൽ ഒന്നു പുളഞ്ഞു. മടിയിൽ തിരുകി വച്ചിരിക്കുന്ന മോബൈൽ ഫോൺ സൈലന്റ് മോഡിൽ വൈബ്രേറ്ററിൽ ആക്കിയിരിക്കുകയായിരുന്നു. അതിലേക്ക് ഒരു വിളി വന്നിരിക്കുകയാണ്.  തിരക്കിൽ നിന്നൊഴിഞ്ഞ് നിന്ന് ഫോണെടുത്തു.

“ശരത്തേട്ടാ...... അവിടെയെത്തിയോ... ജോലി തുടങ്ങിയോ... എന്താണ് ജോലി ?”

ശരത്തെന്ന് യഥാർത്ഥ പേരുള്ള സനൽ എന്നും ജയിംസ് എന്നും വ്യാജ പേരുകളുണ്ടായിരിക്കുന്ന അവന്റെ ഭാര്യയാണ് വിളിച്ചിരിക്കുന്നത്.

“ഇപ്പോൾ ഒരു മനസ്സമ്മതത്തിന്റെ മേൽ നോട്ടപ്പണിയാണ് ബുദ്ധി മുട്ടൊന്നും തോന്നുന്നില്ല, മോനെങ്ങിനെ....?”

“അവന് നല്ല സുഖമില്ല... ഡോക്ടർ വന്നു നോക്കിയിട്ടു പോയതേയുള്ളൂ... നാളത്തന്നെ ഓപ്പറേഷൻ നടത്താമെന്നു പറഞ്ഞു.  ശരത്തിനെ ഏൽപിച്ച ജോലി തീർത്തിട്ടു വന്നാൽ മതിയെന്നാണ് പറഞ്ഞത്... അതെന്താ ജോലിയാ ചേട്ടാ... ഇത്രേം വലിയ കൂലി കിട്ടാൻ പാകത്തിന്.... എന്തായാലും ജോലി വേഗം തീർത്ത്

ഇങ്ങെത്തണം... എനിക്ക് പേടിയാകുന്നു... മോന്റെ മുഖത്ത് നോക്കാൻ പോലും ഇപ്പോൾ ധൈര്യമില്ല."

"ഞാൻ പിന്നെ വിളിക്കാം എന്നെ ആരോ തിരക്കുന്നു."

അതായത് ശരത്തെന്ന സനൽ അഥവാ ജയിംസ് ഇവിടെ എത്തിയിരിക്കുന്നത് ഏതോ ജോലിയുടെ ഭാഗമായിട്ടാണെന്ന് വ്യക്തമായി. ആ ജോലിയെന്തെന്നറിയാൻ ശരത്തിന്റെ മനസ്സിലേക്ക് തന്നെ നോക്കേണ്ടിയിരിക്കുന്നു..... പക്ഷെ, അവിടം ശൂന്യമായൊരു ഗുഹ പോലെയാണ് കാണുന്നത്. അവിടെ ഒന്നുമില്ല, ഇരുള് നിറഞ്ഞ് ഭയാനകമായിട്ട്. ഒന്നുമില്ലാതെ ആയത് അടുത്തനാളിലാണ്. നേരത്തെ, അവിടെ എന്തെല്ലാമോ ഉണ്ടായിരുന്ന കാലത്താണ് ശരത്തെന്ന ഹിന്ദു, സെലിൻ എന്ന അയൽപക്കത്തെ ക്രിസ്ത്യാനി പെണ്ണിനെ പ്രണയിച്ചു വിവാഹം ചെയ്തത്. പക്ഷെ, ആദ്യ രാത്രി കഴിഞ്ഞ് നേരം പുലർന്ന് വീണ്ടും സന്ധ്യയായി രാത്രി എത്തുന്നതിനു മുമ്പായി അവർ മുഖത്തോടു മുഖം നോക്കിയിരുന്നു നാലു പ്രാവശ്യം ചോദിച്ചു.

നമ്മൾ ചെയ്തത് വിഡ്ഢിത്തമായി പോയി അല്ലെ... ജാതിയും മതവും അന്ധവിശ്വാസങ്ങളും വർഗ്ഗീയതയും ശക്തിയായി തിരികെ വന്നു കൊണ്ടിരിക്കുന്ന ഈ കാലത്ത് നമ്മൾ ഇങ്ങിനെ ചെയ്യേണ്ടിയിരുന്നില്ല, അല്ലെ.....?

പിന്നീട് എല്ലാ ദിവസവും രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ അവർ അങ്ങിനെ ഒരു പ്രാവശ്യമെങ്കിലും പരസ്പരം ചോദിച്ചു കൊണ്ടിരുന്നു. രണ്ടു പേരും ഒരിക്കലും ഉത്തരം പറഞ്ഞില്ല, പിരിയാനും കഴിഞ്ഞില്ല. വീടും നാടും വിട്ട് കണ്ടാൽ തിരിച്ചറിയാത്ത വരുടെ നാട്ടിലെത്തി വാടക വീട്ടിൽ, ഓട്ടോ ഓടിച്ച് ജീവിച്ചു. ഒരു മകനുണ്ടായി, രണ്ടു വയസ്സായി, ഇപ്പോഴും രാത്രിയിൽ ഉറങ്ങാൻ കിടക്കും നേരം ഒരിക്കലെങ്കിലും ചോദിച്ചു വരുന്നു.

അവരുടെ മകന് ഒഴിയാതെ നീരിളക്കവും പനിയും കഫ ശല്യവും വന്നപ്പോൾ, ജന്മനാ ശ്വാസകോശത്തന് ശോഷിപ്പുണ്ടെന്നു പറഞ്ഞപ്പോൾ, ഓപ്പറേഷൻ മാത്രമേ പരിഹാരമുള്ളവെന്നു പറഞ്ഞപ്പോൾ, ബന്ധു മിത്രാദികളുടേയും സുഹൃത്തുക്കളുടേയും നാട്ടുകാരുടേയും സഹായവും സാന്ത്വനവും ഉണ്ടാകില്ലെന്നോർത്തപ്പോൾ അവരുടെ മനസ്സുകൾ തുള വീണു

ശൂന്യമായിപ്പോയി. അവിടെ ഇരുള് നിറഞ്ഞ് ബുദ്ധിശൂന്യമായി, സ്നേഹശൂന്യമായിപ്പോയി. പിന്നീടൊരിക്കലും അവർ മുഖത്തോടുമുഖം നോക്കിയിരിക്കുകയോ അങ്ങിനെ ചോദിക്കുകയോ ചെയ്തില്ല. മകന് സ്വസ്ഥമായൊരു ജീവിതമുണ്ടാകണമെന്നു മാത്രം ചിന്തിച്ചു, ബാക്കിയെല്ലാം മറന്നു. ആഹാരം കഴിക്കണമെന്നതും, നീഹാരാദികൾ വേണമെന്നതും കൂടി പലപ്പോഴും മറന്നു.

ആ മറവിയുടെ നേരത്ത് മനസ്സ് ഗുഹയായി, ശൂന്യമായിരുന്ന സമയത്ത് മകന്റെ ഡോക്ടർ അവനോട് ഒരു ജോലി ചെയ്തു തന്നാൽ മകന്റെ ഓപ്പറേഷൻ സൗജന്യമായി ചെയ്തു കൊടുക്കമെന്നു പറഞ്ഞപ്പോൾ ആമോദപ്പെട്ടു. ഡോക്ടർ തേങ്ങയുടെ കണ്ണുകളെപ്പോലെ അടുക്കി വച്ചിരിക്കുന്ന മൂന്നു മുഖങ്ങളുടെ ഫോട്ടോ കാണിച്ച്, നടുവിൽ ഇരിക്കുന്ന ധന്യയെന്ന പെൺകുട്ടിയുടെ വിവാഹ നിശ്ചയം നടക്കാൻ പോകുകയാണ്, അത് നടക്കരുത്. ഒരിക്കലും നടക്കാത്ത വിധം നിർമ്മാർ◌ാജ്ജനം ചെയ്യണമെന്ന് ആവശ്യപ്പെട്ടു. അവന്റെ മനസ്സ് ഗുഹയായി ഇരുള് നിറഞ്ഞ് ശൂന്യമായിരുന്നതിനാൽ സസന്തോഷം സ്വീകരിക്കുകയും ചെയ്തു. എന്തിനു വേണ്ടിയാണെന്ന് അവൻ ഒരിക്കൽ തിരക്കിയിരുന്നു. പക്ഷെ, ഡോക്ടർ അത് വ്യക്തമാക്കിയില്ല. വ്യക്തമാക്കാത്തതു കൊണ്ട് അവൻ വെറുതെ ഊഹിച്ചു, ധനത്തിനു വേണ്ടിയാകാം, അധികാരത്തിനു വേണ്ടിയാകാം, സ്ഥാനമാനങ്ങൾക്കു വേണ്ടിയാകാം, വെറുതെ ഒരു വൈരാഗ്യത്തിനു വേണ്ടിയുമാകാം. പ്രതിഫലം മകന്റെ സ്വസ്ഥമായജീവിതമാണ്. അതു തന്നെയാണ്, അതു മാത്രമാണ് അവന് വലുതായി തോന്നിയത്, ഇപ്പോൾ ചിന്തിക്കേണ്ടതും അതു മാത്രമാണെന്നു തീരുമാനിച്ചു.

ധന്യയെന്ന ആ പെൺകുട്ടി പന്തലിലെ മണ്ഡപത്തിലേക്ക് ആനയിക്കപ്പെടുകയാണ്. വശ്യമായൊരു സുഗന്ധമായി, മനോജ്ഞമായൊരു കാഴ്ചയായി അവൾ വരുന്നത് ശരത്തെന്ന സനൽ അഥവാ ജയിംസ് കണ്ടു നിൽക്കുകയാണ്. അവന് ജോലി നൽകിയിരിക്കുന്ന ഡോക്ടറുമുണ്ട്. അപരിചിതനെപ്പോലെയെങ്കിലും ഡോക്ടർ അവനെ വീക്ഷിക്കുന്നുണ്ട്. മനോജ്ഞമായ ആ ദൃശ്യത്തിന്റെ ആസ്വാദനത്ത ഹനിച്ചു കൊണ്ട് അവന്റെ മടിയിലിരുന്ന മോബൈൽ പ്രകമ്പനം കൊണ്ട് അവനെ ഇക്കിളിപ്പെടുത്തി.

“ശരത്തേട്ടാ, മോനു തീരെ സുഖമില്ല... ഡ്യൂട്ടി ഡോക്ടർ വന്നിരുന്നു... ഒരിഞ്ചെക്ഷൻ കൂടി കൊടുത്തു.... ശരത്തേട്ടന്റെ ജോലിയെന്തായി.?”

“നീ ഭയക്കരുത്... നാളെയെല്ലാം ശരിയാകും... മധുരം വയ്പ് നടക്കുന്നതേയുള്ളൂ.... നമ്മുടെ മോന്റെ ഡോക്ടറും എത്തിയിട്ടുണ്ട്... അദ്ദേഹം എന്നെത്തന്നെ നോക്കി നില്ക്കുകയാണ്... എത്രയും വേഗം ജോലി തീർത്ത് ഞാൻ വരാം... നാളെ മോന്റെ ഓപ്പറേഷൻ നടക്കും.... അവന് സുഖമാകും?”

അന്തരീക്ഷത്തിൽ മനുഷ്യരുടെ, ആഹാര സാധനങ്ങളുടെ, മദ്യത്തിന്റെ ഗന്ധങ്ങൾ നിറഞ്ഞ്, ഏതൊരുവനേയും മത്തരാക്കുകയാണെന്ന് ശരത്തിനു തോന്നി. സമയം നീളവെ, സംഗീതവും മധുരിക്കുന്ന വാക്കുകളും വീണ്ടും വീണ്ടും കേട്ടു കൊണ്ടിരുന്നപ്പോൾ ശരത്തിന് അരോചകമായി തോന്നി തുടങ്ങി. പാതിരയോടടുത്തിട്ടും പിരിഞ്ഞു പോകാത്തവരും ഉറക്കത്തിലേക്ക് മടങ്ങാത്തവരും, ആർത്തിയോടെ ഇപ്പോഴും മദ്യത്തെ സമീപിക്കുന്നവരും അവനെ വ്യാകുലനാക്കി. എന്നിട്ടും മടുത്തു മടങ്ങാതെ അവൻ കാത്തു. വടക്കേ മുറിയുടെ വാതിൽ ധന്യക്ക് വിശ്രമിക്കാനായി അടഞ്ഞു. ആ വാതിലിലേക്ക് നോട്ടം കിട്ടും വിധം സെറ്റിയിൽ അവനും ഉറക്കമാണെന്ന വ്യാജേന കണ്ണുകളടച്ച് ചാരിക്കിടന്നു.

ആഘോഷം കഴിഞ്ഞുള്ള രാത്രിയിൽ മനുഷ്യന്റെ ശ്രദ്ധയും കരുതലും കുറഞ്ഞിരിക്കുമെന്നും, ഏറ്റവും കൂടിയാൽ ധനത്തെ മാത്രം സൂക്ഷിക്കുമെന്നും, മനുഷ്യനെ അത്ര ശ്രദ്ധയോടെകാണുകയില്ലെന്നും വളരെ വിദഗ്ധനെപ്പോലെ ഡോക്ടർ പറഞ്ഞത് ശരത്ത് ഓർമ്മിച്ചു. അങ്ങിനെ അശ്രദ്ധമായി കിട്ടാവുന്ന ഒരു നിമിഷത്തിനു വേണ്ടിയാണിപ്പോൾ അവൻ കാക്കുന്നത്. വടക്കേ മുറിയിൽ ധന്യയോടൊത്ത് ആരോ കൂടി ഉറങ്ങുന്നുണ്ട്. പക്ഷെ, കതക് അകത്തു നിന്നും പൂട്ടിയതിന്റെ ശബ്ദം കേൾക്കുകയുണ്ടായില്ലെന്ന് അവൻ ശ്രദ്ധിച്ചു. അവര് വരുത്തിയിരിക്കുന്ന അശ്രദ്ധ അവന് ഗുണകരമായിട്ടുണ്ടെന്ന് ഓർത്തു സന്തോഷിച്ചു. പക്ഷെ, ഒന്നു കൂടി അന്തരീക്ഷം ശാന്തമാകാനുണ്ട്, ഗാഢമായനിദ്രയിലേക്ക് വീട് തളർന്നമരണം.

യാതൊരു വിധ ആയുധങ്ങളും പുറമേനിന്നും കൊണ്ടു പോകരുത്, ശ്രദ്ധിച്ചാൽ എന്തെങ്കിലുമൊരായുധം നിനക്കവിടെ നിന്നും കിട്ടും. പുൽകൊടി പോലും ചിലപ്പോൾ പാറ്റൻ ടാങ്കിന്റെ അത്ര ശക്തമായ ആയുധമായി മാറിയിട്ടുള്ള

ചരിത്രമുണ്ട്.  ഡോക്ടറുടെ വാക്കുകൾ അവന്റെ പരതലുകളെ ഭിത്തിയിൽ അലങ്കാര വസ്തുവായി വച്ചിരിക്കുന്ന ഗിത്താറിന്റെ തന്ത്രികളിലെത്തിച്ചു. അഴിച്ചെടുത്ത രണ്ട് തന്ത്രികളെ തുവാല കൈ പത്തിയിൽചുറ്റും പോലെ ചുറ്റി.

വെളുപ്പാൻ കാലം അന്തരീക്ഷത്തെ കൂടുതൽ തണുപ്പിച്ചു.  വീടിനെ സുഖ നിദ്രയിലേക്ക് വലിച്ചാഴ്ത്തി കൊണ്ടുപോയി.  കൂർക്കം വലിയുടെ വ്യത്യസ്ത രാഗങ്ങൾ വിവിധയിടങ്ങളിൽ നിന്നും ഉയർന്നു കൊണ്ടിരുന്നു.  ഉറക്കം കിട്ടാത്ത ഏതോ ഒരു ചീവീട് മാത്രം എവിടയോ ഇരുന്ന് ഇടതടവില്ലാതെ ചിലക്കുന്നുണ്ട്. ഡോക്ടർ പറഞ്ഞതു പോലെ ആഘോഷത്തിന്റെ അശ്രദ്ധ തന്നെ ധന്യയുടെ മുറിയടെ വാതിൽ പൂട്ടിയിരുന്നില്ല.  കതക് തുറന്ന് അകത്തു കയറി അടച്ച് ബഡ്റൂ ലൈറ്റിന്റെ നേർത്ത ചുവന്ന വെളിച്ചത്തിൽ സഹശയനയിൽ നിന്നുംഏറെ അകന്ന് ആറടി കട്ടിലിൽ കുറുകെ ധന്യയുടെ ഉറക്കം അവനെ ഏറെ സന്തോഷിപ്പിച്ചു.  ക്ലാസ്മേറ്റ് എന്ന സിനിമയിൽ സഫിയ സുകുവിനെ തൂക്കിയതു പോലൊരു സാഹചര്യം ഏതു ദിശയിൽ നിന്നും കിട്ടുമെന്നവൻ പരതിക്കൊണ്ടിരിക്കെ, അവനെ ഇക്കിളിപ്പെടുത്തിക്കൊണ്ട് മോബൈൽ വിജൃംഭിതയായി......

കട്ടിലിന് കീഴിലുള്ള ഇരുളിൽ മറഞ്ഞിരുന്നു കൊണ്ടവൻ മോബൈലിൽ സെലിൻ പറയുന്നതു കേട്ടു..

“ശരത്തേട്ടാ.... നമ്മുടെ മോൻ.... അവൻ.... അവൻ....”

തുടർന്ന് അടക്കാൻ കഴിയാത്ത കരച്ചിലായി അവളുടെ ശബ്ദം പരിണമിച്ചു.

പെട്ടന്ന് ശരത്തിന്റെ മനസ്സിൽ ഗുഹ വീണ് ഇരുള് നിറഞ്ഞിരിന്നിടത്ത് എന്തോ വന്നു നിറയുന്നതുപോലെ തോന്നി.  ഇരുള് നിറഞ്ഞ ശൂന്യതയിലേക്ക്, കറുപ്പിനെ നീക്കി എന്തെല്ലാമോ നിറങ്ങൾ വരുന്നതുപോലെ തോന്നി. കൈപ്പത്തിയിൽ ടൗവ്വൽ പോലെ ചുരുട്ടി പിടിച്ചിരുന്ന ഗിത്താർ തന്ത്രികൾ കൈവിട്ട് തറയിൽ വീണു.  നേരത്തെ പതുക്കെ കട്ടിലിനടിയിൽ പതുങ്ങിയ അവൻ തട്ടിപ്പിടഞ്ഞുണർന്ന് പുറത്ത് വന്ന്, മുറി വാതിൽ തുറന്ന് പുറത്തേക്കോടി....

മോർച്ചറിയുടെ മുന്നിലെ ബഞ്ചിൽ സെലിൻ തനിച്ചായിരുന്നു, അവനെത്തുമ്പോൾ. അവൻ അവളെ എടുത്ത് നെഞ്ചോടുചേർത്തു നിർത്തി..

"നമുക്ക് പോകാം."

"എവിടേക്ക്.... നമ്മുടെ മോൻ."

"അവനെ ഇനി നമുക്ക് വേണ്ട... ഡോക്ടറെടുത്തു കൊള്ളട്ടെ.... ഡോക്ടർ ഏൽപ്പിച്ച ജോലിയെനിക്ക് ചെയ്യാനായില്ല... അതുകൊണ്ട് നമ്മുടെ മകനെ ഏൽക്കാനുള്ള യോഗ്യത നമുക്കില്ല... നമുക്ക് പോകാം....."

അവൻ അവളെ ഗ്രഹിച്ച് ഹോസ്പറ്റലിന് പുറത്തേക്കോടി.....

ഗ്രഹ തീർന്ന് ഇരുളു നിറഞ്ഞിരുന്ന അവന്റെ മനസ്സിൽ വിവിധ വർണ്ണങ്ങൾ നിറഞ്ഞ് പ്രഭാത കിരണങ്ങളായിരിക്കുന്നു. ആ പ്രഭാത കിരണങ്ങൾക്ക് നടുവിൽ ധന്യയെന്ന പെൺകുട്ടിയുടെ സുന്ദരമായ മുഖം തെളിഞ്ഞു വരുന്നു.

അവർ അലക്ഷ്യമായി പലായനം ചെയ്തു, കണ്ടാൽ തിരിച്ചറിയാത്ത മറ്റൊരിടത്തേക്ക്..

@@@@@